**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1755                                        14.07.2016- ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡിന് നൽകാനുള്ള തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.യു.ആർ.പ്രദീപ്** | | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) | |
| (എ) | കൺസ്യൂമർ ഫെഡിന് നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകിയ വകയിൽ നിലവിൽ എത്ര കോടി രൂപ നൽകാനുണ്ടെന്ന് വിശദമാക്കാമോ; | (എ) | നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകിയ വകയിൽ 28.3583 കോടി രൂപ നൽകുവാനുണ്ട്. ഇതിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 10 കോടി രൂപ അനുവദിച്ചുത്തരവായിട്ടുണ്ട്. ടി തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ, കൺസ്യൂമർ ഫെഡിന് ആവശ്യമായ തുക നൽകാത്തതു മൂലം സബ്സിഡി നിരക്കിൽ നിത്യാപയോഗ സാധനങ്ങൾ നൽകാൻ കഴിയാതെ വന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. കൺസ്യൂമർഫെഡറേഷന് ലഭിക്കേണ്ടിയിരുന്ന സബ്സിഡി തുകകൾ യഥാസമയത്ത് ലഭിക്കാതിരുന്നതിനാൽ ഫെഡറേഷന് സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വന്നിട്ടുണ്ട്. തന്മൂലം വിപണിയിൽ കാര്യക്ഷമമായി ഇടപെടുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. |
| (സി) | ഇതിന് പരിഹാരമായി വിലക്കയറ്റം നിയന്ത്രിയ്ക്കുന്നതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ നൽകുന്നതിന് കൺസ്യൂമർ ഫെഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | വ്യക്തമാക്കാം. അവശ്യ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി കൺസ്യൂമർഫെഡറേഷന്റെ നേതൃത്വത്തിൽ സഹകരണ മേഖലയുടെ കൂട്ടായ്മയിൽ കേര വെളിച്ചെണ്ണ ഉൾപ്പെടെ 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോ സബ്സിഡി നിരക്കിൽ ഉത്സവ കാലങ്ങളിൽ വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>നന്മ, ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ ജനമനസ്സുകളിൽ സ്ഥാനം പിടിക്കുന്നതിനായി സപ്ലൈകോ അവരുടെ ഔട്ട് ലെറ്റുകൾ വഴി നൽകുന്നത് 13 ഇനം അവശ്യ |

| | | | |
|---|---|---|---|
| | | | നിത്യോപയോഗ സാധനങ്ങൾ റേഷൻ കാർഡ് മുഖേന നിയന്ത്രിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നതിനുള്ള പദ്ധതികൾ പരിശോധിച്ചു വരുന്നു. |
| (ഡി) | വിപണിയിൽ ഇടപെടുന്നതിനായി കൺസ്യൂമർ ഫെഡിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദാംശം വ്യക്തമാക്കാമോ? | (ഡി) | 1998 -ഓണം മുതൽ വിപണിയിൽ ഇടപെടുന്നതിനായി കൺസ്യൂമർഫെഡിന് 436.6099 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഇതിനു പുറമെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടിശ്ശിക സബ്സിഡി ഇനത്തിൽ 10 കോടി രൂപയും 2016-റംസാൻ വിപണിക്കായി 5 കോടി രൂപയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**